## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 4665

27/6/2014 ൽ
മറുപടിക്ക്

### കേരള ലളിതകലാ അക്കാദമിയുടെ കീഴിലെ ആർട്ട് ഗ്യാലറികൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കേരള ലളിതകലാ അക്കാദമിയുടെ കീഴിൽ കേരളത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള എത്ര ആർട്ട് ഗ്യാലറികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരള ലളിതകലാ അക്കാദമിക്ക് 11 ജില്ലകളിലായി 15 ഗ്യാലറികൾ ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ ഓരോ ഗ്യാലറികളും കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ടു ഗ്യാലറികളും, എറണാകുളം ജില്ലയിൽ 3 ഗ്യാലറികളും നിലവിലുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലായിരുന്ന എറണാകുളം ദർബാർ ഹാൾ ആർട്ട് സെന്റർ മാത്രമാണ് കേരള ലളിതകലാ അക്കാദമിയുടെ പേരിലേക്ക് കൈമാറ്റം ചെയ്തിട്ടുള്ളത്. |
| (ബി) അക്കാദമിയുടെ കീഴിൽ കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ആർട്ട് ഗ്യാലറിക്ക് ഗ്യാലറി സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമിയും, സ്വന്തമായി കെട്ടിടവും നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ